Page 1 of 2

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗങ്ങളിലെ മരാമത്ത് പണികൾക്കായി 262.65 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുവരെ 770.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടവിഭാഗത്തിൽ 4059-01-051-86/പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതി ചെലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 293% വും കെട്ടിട വിഭാഗത്തിൽ 163.7% വും ചെലവ് ചെയ്തു.

(സി) യഥാസമയം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതിതല പ്രവൃത്തികളുടെ അവലോകനം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതുവഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ

262 (3125) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും പ്രത്യേകം കാലയളവ് വയ്ക്കുകയും അതിനുള്ളിൽ നിർമ്മാണം തകരാറിലായാൽ കരാറുകാരുടെ ചെലവിൽ നന്നാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ടെണ്ടർ തുകയെക്കാൾ കുറഞ്ഞനിരക്കിൽ ചെയ്യുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് പ്രത്യേകം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് പണികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പ്രവൃത്തികൾ നടപ്പാക്കാനുള്ള നടപടി 1-10-.2013 മുതൽ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, കെട്ടിട വിഭാഗത്തിന്റെ പണികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും 1-10-2013 മുതൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ ജോലികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓരോ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് 11 ജില്ലകളിൽ ക്വാളിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കൺട്രോൾ ജില്ലാ ലാബുകളും 1-10-2013 മുതൽ നിലവിൽ വന്നു  തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ചുമതല കെ.എച്ച്.ആർ.ഐ.-ക്ക് നൽകിയിട്ടുണ്ട്.

(ബി) ഡിഫക്ട് ലയബിലിറ്റി കാലാവധി നിശ്ചയിക്കുകയും ഈ കാലാവധിക്കുള്ളിൽ കാണുന്ന തകരാറുകൾ കരാറുകാരുടെ ചെലവിൽ നന്നാക്കുകയും ചെയ്യുന്നുണ്ട്.

(സി) കുറഞ്ഞ നിരക്കിനു തത്തുല്യമായി തുകയുടെ പെർഫോർമന്റ് ഗ്യാരണ്ടി, എഗ്രിമെന്റിനോടൊപ്പം വാങ്ങുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തൃപ്തികരമായി പണി പൂർത്തിയാക്കിയതിനുശേഷമേ ഈ തുക തിരിച്ചുനൽകുകയുള്ളൂ.

**മരാമത്ത് പണികൾക്ക് കേന്ദ്ര പൊതുമരാമത്ത് മാന്വൽ ബാധകമാക്കാൻ നടപടി**

**263 (3126)** <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ കേന്ദ്ര പൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇപ്രകാരം ചെയ്യുമ്പോഴുണ്ടാകുന്ന മെച്ചം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) 2013 ഒക്ടോബറിന് മുമ്പ് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ജോലിക്ക് നിർദ്ദേശം നൽകിയിരുന്ന കേസ്സുകളിൽ കേന്ദ്രപൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ രണ്ടാമതായി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിലൂടെ എന്തു തുക അധികമായി ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ ;

(സി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മണ്ഡലങ്ങളിൽ ചെയ്യുന്ന പൊതുമരാമത്ത് ജോലികൾക്ക് മുമ്പ് നൽകിയിരുന്ന തുകയേക്കാൾ കൂടുതൽ എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ഉണ്ടാകുന്നതിനാൽ ഇപ്രകാരം അധികമായി വേണ്ടിവരുന്ന തുക പൊതുമരാമത്ത് വകുപ്പിൽനിന്നും അനുവദിക്കുമോ ; ഇപ്രകാരം എസ്റ്റിമേറ്റ് അടക്കമുള്ള ജോലികൾ വീണ്ടും ചെയ്യേണ്ടിവരുന്നതിനാൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് എത്രയുംവേഗം പരിഹരിക്കുവാനും ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി ജോലി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

<u>**ഉത്തരം**</u>

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലി കേന്ദ്ര പൊതുമരാമത്തു മാന്വലിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടില്ല. ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly